LEAP KERALA
വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

# വാർത്താക്കുറിപ്പ്

## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: **0471-2328158**
MOBILE : **8281000127**

**www.sec.kerala.gov.in**

Email:
**pro2025sec@gmail.com**
**cru.sec@kerala.gov.in**
**electionker@gmail.com**


**16 November 2025**

**തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് : വോട്ടർപട്ടികയിൽ 2.86 കോടി വോട്ടർമാർ**

തദ്ദേശസ്ഥാപനങ്ങളിൽ പ്രസിദ്ധീകരിച്ച സപ്ളിമെന്ററി വോട്ടർപട്ടികയിൽ 266679 പേരെ ഉൾപ്പെടുത്തുകയും 34745 പേരെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

പൊതുതിരഞ്ഞെടുപ്പിനായി തയ്യാറാക്കിയിട്ടുള്ള വോട്ടർപട്ടികയിൽ ആകെ 13516923 പുരുഷൻമാരും, 15145500 സ്ത്രീകളും, 289 ട്രാൻസ്ജെൻഡേഴ്സും ഉൾപ്പെടെ 28662712 വോട്ടർമാരാണുള്ളത്. ഒക്ടോബർ 25 ന് പ്രസിദ്ധീകരിച്ച പട്ടികയിലെ വോട്ടർമാരുൾപ്പെടെയുള്ള കണക്കാണിത്. പ്രവാസി വോട്ടർപട്ടികയിൽ ആകെ 3745 വോട്ടർമാരുണ്ട്.

വോട്ടർപട്ടിക അതത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ പക്കൽ പരിശോധനയ്ക്ക് ലഭ്യമാണ്.

(എസ്.ഇ.സി 51 / 2025)

**തദ്ദേശ തിരഞ്ഞെടുപ്പ് : എ ഐ പ്രചാരണങ്ങൾക്ക് കർശന നിരീക്ഷണം**

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഉപയോഗിച്ചുള്ള പ്രചാരണങ്ങൾക്ക് കർശന നിരീക്ഷണം ഏർപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. ആധുനിക സാങ്കേതിക വിദ്യകളിലൂടെ വ്യാജ ചിത്രങ്ങളും ശബ്ദ സന്ദേശങ്ങളും തെറ്റായ വിവരങ്ങളും നിർമ്മിക്കുന്നതും അവ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ഉപയോഗിക്കുന്നതിനുമെതിരെ ശക്തമായ നടപടികളുണ്ടാവും. പ്രചാരണത്തിന്റെ വിശ്വാസ്യതയും മത്സരത്തിലെ തുല്യതയും ഉറപ്പാക്കുന്നതിന് സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും പ്രചാരണം നടത്തുന്നവരും ഇക്കാര്യം കൃത്യമായി ശ്രദ്ധിക്കണമെന്നും കമ്മീഷണർ പറഞ്ഞു.

തിരഞ്ഞെടുപ്പ് കാലത്ത് സാങ്കേതികവിദ്യകൾ ദുരുപയോഗം ചെയ്യപ്പെടുന്നതിനുള്ള സാധ്യത കൂടുതലാണ്. പ്രചാരണത്തിന് ഉപയോഗിക്കുന്ന ഡീപ് ഫേക്ക്, സിന്തറ്റിക് കണ്ടന്റ് എന്നിവ പൊതുജനാഭിപ്രായത്തെ തെറ്റിദ്ധരിപ്പിക്കാനും തിരഞ്ഞെടുപ്പ് പ്രക്രിയയെ ബാധിക്കാനും സാധ്യതയുള്ളതായി കമ്മീഷൻ വിലയിരുത്തി. ഇത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.

സാങ്കേതികവിദ്യയുടെ ദുരുപയോഗമില്ലാതെ തിരഞ്ഞെടുപ്പ് നടത്തുന്നത് നീതിപൂർവ്വമാക്കാൻ എല്ലാവരുടെയും സഹകരിക്കണമെന്നും കമ്മീഷണർ ആവശ്യപ്പെട്ടു.

ഐ ടി ആക്റ്റ് 2000, ഐടി (ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡ് ) റൂൾസ് 2021, ഭാരതീയ ന്യായ സംഹിത 2023, മാതൃകാ പെരുമാറ്റച്ചട്ടം എന്നിവയിലുള്ള എല്ലാ വ്യവസ്ഥകളും ഇത്തരം ഉള്ളടക്കങ്ങളുടെ നിർമ്മാണത്തിലും പ്രചാരണത്തിലും കൃത്യമായി പാലിക്കണം. ഡീപ് ഫേക്ക് വീഡിയോ, ഓഡിയോ, തെറ്റായ വിവരങ്ങൾ, സ്ത്രീകളെ അപമാനിക്കുന്ന ഉള്ളടക്കം, കുട്ടികളെ പ്രചാരണത്തിനായി ഉപയോഗിക്കുന്നത്, മൃഗങ്ങളോടുള്ള ഹിംസ പ്രചരിപ്പിക്കുന്നത് എന്നിവ പൂർണ്ണമായും വിലക്കുന്നു.

പ്രചാരണത്തിനായി ഉപയോഗിക്കുന്ന എ.ഐ., അല്ലെങ്കിൽ ഡിജിറ്റലായി മാറ്റം വരുത്തിയ എല്ലാ ഉള്ളടക്കങ്ങളിലും 'AI Generated'/ 'Digitally Enhanced'/ 'Synthetic Content' എന്നീ വ്യക്തമായ ലേബലുകൾ ഉൾക്കൊള്ളണം. വീഡിയോയിൽ സ്ക്രീനിന് മുകളിലായി, ചിത്രങ്ങളിൽ കുറഞ്ഞത് 10 ശതമാനം ഡിസ്പ്ലേ ഭാഗത്തും, ഓഡിയോയിൽ ആദ്യ 10 ശതമാനം സമയദൈർഘ്യത്തിലും ലേബൽ വ്യക്തമായി ഉണ്ടാകണം. ഉള്ളടക്കം സൃഷ്ടിച്ച വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര് മെറ്റാഡാറ്റയിലും വിവരണത്തിലും വെളിപ്പെടുത്തണം.

ഒരാളുടെ രൂപം, ശബ്ദം, സ്വത്വം തുടങ്ങിയവ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മാറ്റിയും അനുമതിയില്ലാതെയും പ്രചരിപ്പിക്കുന്നതും പൂർണ്ണമായും നിരോധിച്ചു. പാർട്ടികളുടെ ഔദ്യോഗിക സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ ഇത്തരം ഉള്ളടക്കം കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്നു മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യണം. കൂടാതെ അവയുടെ സൃഷ്ടിക്ക് ഉത്തരവാദികളായവർക്ക് മുന്നറിയിപ്പ് നൽകണം, വ്യാജ അക്കൗണ്ടുകളും നിയമവിരുദ്ധ വിവരങ്ങളും അതത് പ്ലാറ്റ്ഫോമുകൾക്ക് റിപ്പോർട്ട് ചെയ്യണം. എ.ഐ. ഉപയോഗിച്ച് നിർമ്മിച്ച എല്ലാ പ്രചാരണ സാമഗ്രികളും സൃഷ്ടിക്കപ്പെട്ട തീയതി, നിർമ്മാതാവിന്റെ വിവരങ്ങൾ എന്നിവ ആഭ്യന്തര രേഖകളായി രാഷ്ട്രീയ പാർട്ടികൾ സൂക്ഷിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

**(എസ്.ഇ.സി 52/ 2025)**

## തദ്ദേശ തിരഞ്ഞെടുപ്പ് : ചെലവ് നിരീക്ഷകരെ നിയമിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെലവുകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകരെ നിയോഗിച്ചു. ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെയാണ് ചെലവ് നിരീക്ഷകരായി നിയമിച്ചിട്ടുള്ളത്. നവംബർ 25 മുതൽ അതത് ജില്ലയിലെ വോട്ടെടുപ്പ് അവസാനിക്കുന്നത് വരെയാണ് ഇവർക്ക് ഡ്യൂട്ടി.

നിരീക്ഷകരുടെ വിവരങ്ങൾ ചുവടെ നൽകുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.sec.kerala.gov.in ലും വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| Sl. No. | പേര് | ജില്ല | ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റി |
|---|---|---|---|
| 1 | ദിലീപ് സി ഡി | തിരുവനന്തപുരം | പാറശ്ശാല |
| | | | പെരുങ്കടവിള |
| | | | അതിയന്നൂർ |
| 2 | ബിനിൽ വി വി | തിരുവനന്തപുരം | നേമം |
| | | | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി |
| | | | വെള്ളനാട് |
| 3 | റെജി ജോൺ | തിരുവനന്തപുരം | നെടുമങ്ങാട് |
| | | | വാമനപുരം |
| | | | കിളിമാനൂർ |
| | | | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി |
| | | | നെടുമങ്ങാട് മുനിസിപ്പാലിറ്റി |
| 4 | നവീൻ കൃഷ്ണൻ ജി ഐ | തിരുവനന്തപുരം | ചിറയിൻകീഴ് |
| | | | പോത്തൻകോട് |
| | | | വർക്കല മുനിസിപ്പാലിറ്റി |
| | | | വർക്കല |
| 5 | സുരേഷ് കുമാർ ജി | തിരുവനന്തപുരം | തിരുവനന്തപുരം കോർപ്പറേഷൻ |
| 6 | തരുൺലാൽ എസ് | കൊല്ലം | ഓച്ചിറ |
| | | | ചവറ |
| | | | കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി |
| 7 | ബൈജുകുമാർ എസ് | കൊല്ലം | വെട്ടിക്കവല |
| | | | പത്തനാപുരം |
| | | | കൊട്ടാരക്കര മുനിസിപ്പാലിറ്റി |
| 8 | അജിത്ത് കെ ജോസഫ് | കൊല്ലം | മുഖത്തല |
| | | | ഇത്തിക്കര |
| | | | പരവൂർ മുനിസിപ്പാലിറ്റി |
| 9 | രാജേഷ് കുമാർ എം | കൊല്ലം | ചിറ്റുമല |
| | | | ശാസ്താംകോട്ട |
| | | | കൊട്ടാരക്കര |
| 10 | വിക്രം സിംഗ് സി | കൊല്ലം | അഞ്ചൽ |
| | | | ചടയമംഗലം |
| | | | പുനലൂർ മുനിസിപ്പാലിറ്റി |
| 11 | ശ്യാം ടി കെ | കൊല്ലം | കൊല്ലം കോർപ്പറേഷൻ |
| 12 | രാജേഷ് എം | പത്തനംതിട്ട | എലന്തൂർ |
| | | | കോന്നി |
| | | | പത്തനംതിട്ട മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| 13 | മാത്യു ജേക്കബ് | പത്തനംതിട്ട | പന്തളം |
| | | | പറക്കോട് |
| | | | അടൂർ മുനിസിപ്പാലിറ്റി |
| 14 | രഞ്ജൻ രാജ് ആർ പി | പത്തനംതിട്ട | റാന്നി |
| | | | മല്ലപ്പള്ളി |
| | | | തിരുവല്ല മുനിസിപ്പാലിറ്റി |
| 15 | സ്നിഗ്ധ എസ് | പത്തനംതിട്ട | പുളിക്കീഴ് |
| | | | കോയിപ്രം |
| | | | പന്തളം മുനിസിപ്പാലിറ്റി |
| 16 | ഷൈൻ എ ഹഖ് | ആലപ്പുഴ | തൈക്കാട്ടുശ്ശേരി |
| | | | പട്ടണക്കാട് |
| | | | കഞ്ഞിക്കുഴി |
| | | | ചേർത്തല മുനിസിപ്പാലിറ്റി |
| 17 | റെജികുമാർ ആർ | ആലപ്പുഴ | ആര്യാട് |
| | | | അമ്പലപ്പുഴ |
| | | | ചമ്പക്കുളം |
| | | | വെളിയനാട് |
| | | | ആലപ്പുഴ മുനിസിപ്പാലിറ്റി |
| 18 | അഭിലാഷ് രവീന്ദ്രൻ | ആലപ്പുഴ | ചെങ്ങന്നൂർ |
| | | | ഹരിപ്പാട് |
| | | | കായംകുളം മുനിസിപ്പാലിറ്റി |
| | | | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി |
| | | | ഹരിപ്പാട് മുനിസിപ്പാലിറ്റി |
| 19 | അസീം എ | ആലപ്പുഴ | മാവേലിക്കര |
| | | | ഭരണിക്കാവ് |
| | | | മുതുകുളം |
| | | | മാവേലിക്കര മുനിസിപ്പാലിറ്റി |
| 20 | സുമേഷ് കുമാർ സി | കോട്ടയം | വൈക്കം |
| | | | കടുത്തുരുത്തി |
| | | | ഏറ്റുമാനൂർ |
| | | | വൈക്കം മുനിസിപ്പാലിറ്റി |
| | | | ഏറ്റുമാനൂർ മുനിസിപ്പാലിറ്റി |
| 21 | സമീർ കുമാർ ഒ ജെ | കോട്ടയം | ഉഴവൂർ |
| | | | ലാലം |
| | | | പാലാ മുനിസിപ്പാലിറ്റി |
| 22 | മനോജ് കുമാർ കെ | കോട്ടയം | ഈരാറ്റുപേട്ട |

| | | | |
|---|---|---|---|
| | | | ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി |
| | | | കാഞ്ഞിരപ്പള്ളി |
| 23 | സുനിൽ കുമാർ എസ് | കോട്ടയം | മാടപ്പള്ളി |
| | | | വാഴൂർ |
| | | | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി |
| 24 | നിസാം എസ് എ | കോട്ടയം | പള്ളം |
| | | | കോട്ടയം മുനിസിപ്പാലിറ്റി |
| | | | പാമ്പാടി |
| 25 | അജയൻ സി | ഇടുക്കി | അടിമാലി |
| | | | ദേവികുളം |
| | | | നെടുങ്കണ്ടം |
| 26 | സുൽഫിക്കർ റഹ്മാൻ എ | ഇടുക്കി | ഇളംദേശം |
| | | | ഇടുക്കി |
| | | | കട്ടപ്പന |
| | | | കട്ടപ്പന മുനിസിപ്പാലിറ്റി |
| 27 | മനു എസ് | ഇടുക്കി | അഴുത |
| 28 | എം.എസ് ബിജുകുട്ടൻ | ഇടുക്കി | തൊടുപുഴ |
| | | | തൊടുപുഴ മുനിസിപ്പാലിറ്റി |
| 29 | ബിജു പി പോൾ | എറണാകുളം | അങ്കമാലി മുനിസിപ്പാലിറ്റി |
| | | | അങ്കമാലി ബ്ലോക്ക് |
| | | | പാറക്കടവ് ബ്ലോക്ക് |
| | | | ആലുവ മുനിസിപ്പാലിറ്റി |
| | | | വാഴക്കുളം ബ്ലോക്ക് |
| 30 | അജികുമാർ ജി | എറണാകുളം | പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| | | | കൂവപ്പടി ബ്ലോക്ക് |
| | | | കോതമംഗലം മുനിസിപ്പാലിറ്റി |
| | | | കോതമംഗലം ബ്ലോക്ക് |
| 31 | അരവിന്ദ് ബി എസ് | എറണാകുളം | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി |
| | | | മൂവാറ്റുപുഴ ബ്ലോക്ക് |
| | | | കൂത്താട്ടുകുളം മുനിസിപ്പാലിറ്റി |
| | | | പാമ്പാക്കുട ബ്ലോക്ക് |
| | | | പിറവം മുനിസിപ്പാലിറ്റി |
| 32 | ബാബു റിയാസുദീൻ എസ് | എറണാകുളം | വടവുകോട് ബ്ലോക്ക് |
| | | | മുളന്തുരുത്തി ബ്ലോക്ക് |
| | | | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| | | | മരട് മുനിസിപ്പാലിറ്റി |
| 33 | സാബു ജോസഫ് | എറണാകുളം | പള്ളുരുത്തി ബ്ലോക്ക് |
| | | | ഇടപ്പള്ളി ബ്ലോക്ക് |
| 34 | രാമനാഥ് ജി | എറണാകുളം | തൃക്കാക്കര മുനിസിപ്പാലിറ്റി |
| | | | കളമശ്ശേരി മുനിസിപ്പാലിറ്റി |
| | | | ഏലൂർ മുനിസിപ്പാലിറ്റി |
| 35 | അനിൽ മാത്യു ഐപ്പ് | എറണാകുളം | വൈപ്പിൻ ബ്ലോക്ക് |
| | | | പറവൂർ ബ്ലോക്ക് |
| 36 | സന്തോഷ് കെ വി | എറണാകുളം | പറവൂർ മുനിസിപ്പാലിറ്റി |
| | | | ആലങ്ങാട് ബ്ലോക്ക് |
| 37 | ലിജിലാൽ ബി | എറണാകുളം | കൊച്ചിൻ കോർപ്പറേഷൻ |
| 38 | അരവിന്ദാക്ഷൻ പി | തൃശ്ശൂർ | ഗുരുവായൂർ മുനിസിപ്പാലിറ്റി |
| | | | ചാവക്കാട് |
| | | | ചാവക്കാട് മുനിസിപ്പാലിറ്റി |
| 39 | സുനിൽ കുമാർ കെ വി | തൃശ്ശൂർ | ചൊവ്വന്നൂർ |
| | | | കുന്നംകുളം മുനിസിപ്പാലിറ്റി |
| | | | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി |
| | | | വടക്കാഞ്ചേരി |
| 40 | അജിതൻ ടി എൻ | തൃശ്ശൂർ | പഴയന്നൂർ |
| | | | ഒല്ലൂക്കര |
| | | | പുഴയ്ക്കൽ |
| 41 | സാബു പി എസ് | തൃശ്ശൂർ | മുല്ലശ്ശേരി |
| | | | തളിക്കുളം |
| | | | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി |
| | | | മതിലകം |
| 42 | മനോജ് കെ | തൃശ്ശൂർ | അന്തിക്കാട് |
| | | | ചേർപ്പ് |
| | | | കൊടകര |
| | | | ഇരിങ്ങാലക്കുട |
| | | | ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി |
| 43 | സാബു ആന്റണി കെ | തൃശ്ശൂർ | വെള്ളാങ്ങല്ലൂർ |
| | | | മാള |
| | | | ചാലക്കുടി |
| | | | ചാലക്കുടി മുനിസിപ്പാലിറ്റി |
| 44 | രതീഷ് കുമാർ പി എം | തൃശ്ശൂർ | തൃശ്ശൂർ കോർപ്പറേഷൻ |
| 45 | സന്തോഷ് ബി | പാലക്കാട് | തൃത്താല |

| | | | |
|---|---|---|---|
| | | | പട്ടാമ്പി |
| | | | പട്ടാമ്പി മുനിസിപ്പാലിറ്റി |
| | | | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി |
| 46 | ജയരാജൻ കെ | പാലക്കാട് | ചെറുപ്പുളശ്ശേരി മുനിസിപ്പാലിറ്റി |
| | | | ശ്രീകൃഷ്ണപുരം |
| | | | ഒറ്റപ്പാലം മുനിസിപ്പാലിറ്റി |
| | | | ഒറ്റപ്പാലം |
| 47 | ഹരി കെ പി | പാലക്കാട് | മണ്ണാർക്കാട് |
| | | | മണ്ണാർക്കാട് മുനിസിപ്പാലിറ്റി |
| | | | അട്ടപ്പാടി |
| 48 | ശ്രീഹരി മിത്രൻ | പാലക്കാട് | പാലക്കാട് |
| | | | മലമ്പുഴ |
| | | | പാലക്കാട് മുനിസിപ്പാലിറ്റി |
| 49 | സജി കുമാർ ജി | പാലക്കാട് | ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി |
| | | | ചിറ്റൂർ |
| | | | കൊല്ലങ്കോട് |
| 50 | ഷോബി വി പി | പാലക്കാട് | നെന്മാറ |
| | | | കുഴൽമന്ദം |
| | | | ആലത്തൂർ |
| 51 | വിനോദ് ശ്രീധർ | മലപ്പുറം | നിലമ്പൂർ |
| | | | നിലമ്പൂർ മുനിസിപ്പാലിറ്റി |
| | | | വണ്ടൂർ |
| | | | കാലിക്കാവ് |
| 52 | കെ അനിൽ കുമാർ | മലപ്പുറം | അരീക്കോട് |
| | | | മലപ്പുറം |
| | | | മഞ്ചേരി മുനിസിപ്പാലിറ്റി |
| | | | മലപ്പുറം മുനിസിപ്പാലിറ്റി |
| 53 | കെ ടി മഹേഷ് കുമാർ | മലപ്പുറം | പെരിന്തൽമണ്ണ |
| | | | പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി |
| | | | മങ്കട |
| | | | കുറ്റിപ്പുറം |
| | | | വളാഞ്ചേരി മുനിസിപ്പാലിറ്റി |
| 54 | രാജേഷ് പ്രകാശ് | മലപ്പുറം | താനൂർ |
| | | | താനൂർ മുനിസിപ്പാലിറ്റി |
| | | | തിരൂരങ്ങാടി |
| | | | തിരൂരങ്ങാടി മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| | | | പരപ്പനങ്ങാടി മുനിസിപ്പാലിറ്റി |
| 55 | കെ. സുനിൽ കുമാർ | മലപ്പുറം | തിരൂർ |
| | | | തിരൂർ മുനിസിപ്പാലിറ്റി |
| | | | പൊന്നാനി |
| | | | പൊന്നാനി മുനിസിപ്പാലിറ്റി |
| | | | പെരുമ്പടപ്പ് |
| 56 | ശ്രീകുമാർ എൽ | മലപ്പുറം | കൊണ്ടോട്ടി |
| | | | കൊണ്ടോട്ടി മുനിസിപ്പാലിറ്റി |
| | | | വേങ്ങര |
| | | | കോട്ടക്കൽ മുനിസിപ്പാലിറ്റി |
| 57 | ശ്യാം വി | കോഴിക്കോട് | വടകര |
| | | | വടകര മുനിസിപ്പാലിറ്റി |
| | | | തോടന്നൂർ |
| | | | പയ്യോളി മുനിസിപ്പാലിറ്റി |
| 58 | രാജേഷ് അണ്ടോളി | കോഴിക്കോട് | തൂണേരി |
| | | | കുന്നുമ്മൽ |
| 59 | ഉബൈദുള്ള എ സി | കോഴിക്കോട് | ബാലുശ്ശേരി |
| | | | പേരാമ്പ്ര |
| 60 | പ്രവീൺ കുമാർ ടി എസ് | കോഴിക്കോട് | കൊയിലാണ്ടി മുനിസിപ്പാലിറ്റി |
| | | | പന്തലായനി |
| | | | ചേളന്നൂർ |
| | | | മേലടി |
| 61 | അജിത്ത് കുമാർ സി | കോഴിക്കോട് | കുന്നമംഗലം |
| | | | കൊടുവള്ളി |
| | | | കൊടുവള്ളി മുനിസിപ്പാലിറ്റി |
| | | | മുക്കം മുനിസിപ്പാലിറ്റി |
| 62 | പ്രദീപ് കുമാർ ആർ | കോഴിക്കോട് | കോഴിക്കോട് |
| | | | കോഴിക്കോട് കോർപ്പറേഷൻ |
| | | | ഫറോക്ക് മുനിസിപ്പാലിറ്റി |
| | | | രാമനാട്ടുകര മുനിസിപ്പാലിറ്റി |
| 63 | അഗസ്റ്റിൻ ഒ കെ | വയനാട് | മാനന്തവാടി |
| | | | മാനന്തവാടി മുനിസിപ്പാലിറ്റി |
| | | | സുൽത്താൻ ബത്തേരി |
| | | | സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി |
| 64 | എ എം ജാഫർ | വയനാട് | കൽപ്പറ്റ |

| | | | |
|---|---|---|---|
| | | | കൽപ്പറ്റ മുനിസിപ്പാലിറ്റി |
| | | | പനമരം |
| 65 | ഹരികുമാർ ജി | കണ്ണൂർ | പയ്യന്നൂർ ബ്ലോക്ക് |
| | | | കല്ല്യാശ്ശേരി ബ്ലോക്ക് |
| | | | പയ്യന്നൂർ മുനിസിപ്പാലിറ്റി |
| 66 | സുനിൽ ദാസ് എസ് | കണ്ണൂർ | തളിപ്പറമ്പ് ബ്ലോക്ക് |
| | | | ആന്തൂർ മുനിസിപ്പാലിറ്റി |
| | | | തളിപ്പറമ്പ് മുനിസിപ്പാലിറ്റി |
| | | | ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി |
| 67 | ജോൺ മനോഹർ എ | കണ്ണൂർ | ഇരിക്കൂർ ബ്ലോക്ക് |
| | | | ഇരിട്ടി ബ്ലോക്ക് |
| | | | ഇരിട്ടി മുനിസിപ്പാലിറ്റി |
| 68 | ചന്ദ്രൻ വി | കണ്ണൂർ | പേരാവൂർ ബ്ലോക്ക് |
| | | | കൂത്തുപറമ്പ് ബ്ലോക്ക് |
| | | | കൂത്തുപറമ്പ് മുനിസിപ്പാലിറ്റി |
| 69 | എ ഷിബു | കണ്ണൂർ | പാനൂർ മുനിസിപ്പാലിറ്റി |
| | | | തലശ്ശേരി മുനിസിപ്പാലിറ്റി |
| | | | പാനൂർ ബ്ലോക്ക് |
| | | | തലശ്ശേരി ബ്ലോക്ക് |
| 70 | വൈ അഹമ്മദ് കബീർ | കണ്ണൂർ | എടക്കാട് ബ്ലോക്ക് |
| | | | കണ്ണൂർ ബ്ലോക്ക് |
| 71 | എൻ ശ്രീകുമാർ | കണ്ണൂർ | കണ്ണൂർ കോർപ്പറേഷൻ |
| 72 | അനിൽ കുമാർ ടി | കാസർഗോഡ് | മഞ്ചേശ്വരം |
| | | | കാസർഗോഡ് |
| | | | കാസർഗോഡ് മുനിസിപ്പാലിറ്റി |
| 73 | വി അജയകുമാർ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| | | | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി |
| | | | നീലേശ്വരം |
| | | | നീലേശ്വരം മുനിസിപ്പാലിറ്റി |
| 74 | അനിൽകുമാർ എസ് | കാസർഗോഡ്) | കാറഡുക്ക |
| | | | പരപ്പ |

**(എസ്.ഇ.സി 53/ 2025)**

## തദ്ദേശ തിരഞ്ഞെടുപ്പ് : പൊതു നിരീക്ഷകരെ നിയമിച്ചു

തദ്ദേശഭരണ തിരഞ്ഞെടുപ്പിൻറെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പൊതു നിരീക്ഷകരെ നിയോഗിച്ചു. ഐ എ എസ്, ഐ എഫ് എസ് റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് നിരീക്ഷകരായി നിയമിച്ചിട്ടുള്ളത്.

നിരീക്ഷകരുടെ വിവരങ്ങൾ ചുവടെ നൽകുന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.sec.kerala.gov.in ലും വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| നം | പേര് | ജില്ല |
|---|---|---|
| 1 | സുനീൽ പാമിഡി ഐഎഫ്എസ് | തിരുവനന്തപുരം |
| 2 | സബിൻ സമീദ് ഐഎഎസ് | കൊല്ലം |
| 3 | ഡോ റെജിൽ എം സി ഐഎഎസ് | പത്തനംതിട്ട |
| 4 | ഹിമ കെ ഐഎഎസ് | ആലപ്പുഴ |
| 5 | ഡോ.ബിനു ഫ്രാൻസിസ് ഐഎഎസ് | കോട്ടയം |
| 6 | രാജു കെ ഫ്രാൻസിസ് ഐഎഫ്എസ് | ഇടുക്കി |
| 7 | ഷാജി വി. നായർ ഐഎഎസ് | എറണാകുളം |
| 8 | നിസാമുദീൻ എ ഐഎഎസ് | തൃശ്ശൂർ |
| 9 | നരേന്ദ്രനാഥ് വേളൂരി ഐ.എഫ്.എസ് | പാലക്കാട് |
| 10 | പി കെ അസിഫ് ഐ.എഫ്.എസ് | മലപ്പുറം |
| 11 | ജോസഫ് തോമസ് ഐഎഫ്എസ് | കോഴിക്കോട് |
| 12 | ടി അശ്വിൻ കുമാർ ഐഎഫ്എസ് | വയനാട് |
| 13 | ആർ കീർത്തി ഐഎഫ്എസ് | കണ്ണൂർ |
| 14 | ഡോ. ഹരികുമാർ കെ ഐഎഎസ് | കാസർഗോഡ് |

(എസ്.ഇ.സി 54/ 2025)

---